## വിജ്ഞാപനം

എം.ടെക് 2023-2024 ന്റെ Second Allotment പ്രസിദ്ധീകരിച്ചു . ഒന്നാം ഘട്ട അലോട്ട്മെന്റ് ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ ഫീസ് ഓൺലൈൻ ആയി ഒടുക്കാത്ത അപേക്ഷാർത്ഥികളെ ഒഴിവാക്കി കൊണ്ടാണ് രണ്ടാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത് . രണ്ടാംഘട്ട അലോട്ട്മെന്റ് പ്രവേശന നടപടികൾ 22/08/2023 മുതൽ 24/08/2023 ന് 3PM വരെ ആയിരിക്കും . രണ്ടാംഘട്ട അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണുന്ന ഫീസ്/ ബാലൻസ് ഫീസ് അടക്കാനുണ്ടെങ്കിൽ ഓൺലൈൻ ആയി 24/08/2023 ന് 1 PM മുൻപായി അവരവരുടെ ലോഗിൻ പേജിൽ ലഭ്യമായ Payment Menu ഉപയോഗിച്ച് അടയ്ക്കേണ്ടതാണ് . ഫീസ് അടച്ച അപേക്ഷാർഥികൾ 24/08/2023 ന് 3 PM മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ നേരിട്ട് ഹാജരായി അഡ്മിഷൻ ഉറപ്പാക്കേണ്ടതാണ്. അല്ലാത്തപക്ഷം അവരുടെ അഡ്മിഷൻ റദ്ദാവുന്നതാണ് . യാതൊരു കാരണവശാലും അധിക സമയം അനുവദിക്കുന്നതല്ല . ഓൺലൈൻ ആയി അപേക്ഷിച്ചപ്പോൾ അപ്‌ലോഡ് ചെയ്ത എല്ലാ രേഖകളുടെ ഒറിജിനലും അലോട്ട്മെന്റ് മെമ്മോ / ഡാറ്റാഷീറ്റ് ,Prospectus clause 5.4, 8.1 , എന്നിവ പ്രകാരമുള്ള രേഖകളും അഡ്മിഷൻ സമയത്ത് നിർബന്ധമായും ഹാജരാക്കേണ്ടതാണ് . ഓരോ കോളേജുകളുടെയും അഡ്മിഷൻ ഷെഡ്യൂൾ അതാത് കോളേജുകളുടെ വെബ്സൈറ്റ് സന്ദർശിച്ച് മനസ്സിലാക്കേണ്ടതാണ് . അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയും ഡാറ്റാഷീറ്റും അവരവരുടെ ലോഗിൻ പേജിൽ നിന്ന് ഡൗൺലോഡ് ചെയ്ത് അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ് . യോഗ്യതാ പരീക്ഷയുടെ സർട്ടിഫിക്കറ്റുകളും മാർക്ക്ലിസ്റ്റും അഡ്മിഷൻ സമയത്ത് നിർബന്ധമായും ഹാജരാക്കേണ്ടതാണ്

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

Draft #67 of File T2/5247/23/DTE Approved by Director (in-charge) on 20-Aug-2023 04:20 PM - Page 1

**Approval Valid**

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 20.08.2023
Reason: Approved

The document is digitally approved. Hence signature is not needed.